# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## സ്നേഹപൂർണവും ധീരതയാർന്നതുമായ അജപാലന സമീപനം- പാപ്പാ



രണ്ടുദിവസത്തെ കർദ്ദിനാളന്മാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഫ്രാൻസീസ് പാപ്പാ പുതിയൊരു അജപാലനസമീപനത്തിനായി അവരെ ക്ഷണിച്ചു. കുടുംബജീവിതമായിരുന്നു ചർച്ചാവിഷയം. ബുദ്ധിപൂർവ്വവും ധീരതയാർന്നതും അതേസമയം സ്നേഹസമ്പൂർണ്ണവുമായ അജപാലനസമീപനമാണ് സഭയ്ക്ക് ആവശ്യമെന്ന് പാപ്പാ പറഞ്ഞു. അല്ലാതെ അമൂർത്തവും സാങ്കല്പികവുമായ തത്വങ്ങളെക്കുറിച്ചുള്ള തർക്കങ്ങൾക്കല്ല പ്രാധാന്യം കൊടുക്കേണ്ടതെന്ന് പാപ്പാ ഊന്നിപ്പറഞ്ഞു.

നൂറ്റമ്പതോളം കർദ്ദിനാളന്മാരാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നത്. പത്തൊമ്പത് പുതിയ കർദ്ദിനാളന്മാരെ നിയമിക്കുന്ന ചടങ്ങിനാണ് പാപ്പാ എല്ലാ കർദ്ദിനാളന്മാരെയും വിളിച്ചു കൂട്ടിയിരിക്കുന്നത്.

"മാർപാപ്പ സംഭാഷണത്തിനും ചർച്ചയ്ക്കും വാതിൽ തുറന്നിട്ടിരിക്കുകയാണ്. ഒന്നിനെ ക്കുറിച്ചും തീരുമാനം എടുത്തില്ല." കർദ്ദിനാൾ കാസ്പർ പറഞ്ഞു. വിശ്വാസ സത്യങ്ങളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ചല്ല ചർച്ചകളെന്നും, മറിച്ച് അവയെ ആധു നികലോകത്തിന്റെ സങ്കീർണ്ണതകളിൽ എങ്ങനെ പ്രായോഗികമാക്കാം എന്നതാണ് ചർച്ചാവിഷയമെന്നു കാസ്പർ പറഞ്ഞു.